## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 523 07/01/2014-ലെ മറുപടിക്ക്

ചോദ്യം ഉത്തരം

**ശ്രീ. വി.ചെന്താമരാക്ഷൻ** **ശ്രീ.കെ.എം.മാണി**

ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

### നടപ്പ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്ത പദ്ധതികൾ

| | | |
|---|---|---|
| എ | നടപ്പു ബഡ്ജറ്റിൽ യഥാർത്ഥത്തിൽ തുക വകയിരുത്തിയിട്ടില്ലാത്ത ഏതെല്ലാം പ്രഖ്യാപനങ്ങളാണ് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | 2013-14.ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനങ്ങളിൽ, ബഡ്ജറ്റ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്ത പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| ബി | പ്രസ്തുത പദ്ധതികളുടെ മൊത്തം സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് വിശദമാക്കുമോ; | ഉദ്ദേശം 1400 ഓളം കോടി രൂപയുടെ സാമ്പത്തിക ബാദ്ധ്യതയാണ് പ്രസ്തുത പദ്ധതികൾക്ക് വേണ്ടി കണക്കാക്കിയിട്ടുള്ളത്. |
| സി | പ്രസ്തുത പ്രഖ്യാപനങ്ങളിൽ ഏതെല്ലാം നടപ്പാക്കിയിട്ടുണ്ട്; നടപ്പിലാകാത്ത പദ്ധതികൾ ഏതൊക്കെയാണ്; ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | 2013-14, ബഡ്ജറ്റ് പ്രസംഗത്തിൽ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ ഭരണവകുപ്പുകൾ മുഖേനയാണ് ഈ പദ്ധതികളുടെ നിർവ്വഹണം നടപ്പിലാക്കുന്നത്. ഭരണവകുപ്പുകളിൽ നിന്ന് ലഭ്യമായിക്കൊണ്ടിരിക്കുന്ന വിവരങ്ങൾ പ്രകാരം പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകുകയും അവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയുമാണ്. നിർവ്വഹണം ആരംഭിച്ച പദ്ധതികളിൽ പലതും |

| | | |
|---|---|---|
| | | ദീർഘകാലാടിസ്ഥാനത്തിലാകും പൂർത്തിയാക്കുക. എന്നാൽ ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് ചുരുക്കം ചില പദ്ധതികൾ ഇനിയും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതികളും നടപ്പിലാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഇതിനോടകം തന്നെ നിർവ്വഹണം ആരംഭിച്ച പ്രധാന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

അക്കൗണ്ട്സ് ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**